*ഭരണഭാഷ-മാതൃഭാഷ*

<u>**അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**</u>
<u>**(ഹാജർ: ഷിബു എ. റ്റി)**</u>

തിരുവനന്തപുരം,

നമ്പർ: PTGD/980/2023-ഇ 8 തീയതി: 20. 04. 2023

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ തത്തുല്യ തസ്തികയിലേക്ക് തസ്തികമാറ്റ/സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. സർക്കാരിന്റെ 28.11.1996 ലെ ജി.ഒ.(പി) നം. 464/66/പിഡി നമ്പർ ഉത്തരവ്.

2. കേരള സർക്കാരിന്റെ 29.06.2022 ലെ 2165-ാംനമ്പർ അസാധാരണ ഗസറ്റ്.

3. അച്ചടി വകുപ്പ് ഡയറക്ടറുടെ 29.06.2022 ലെ PTGD/25040/2021-ഇ 8 നമ്പർ ഉത്തരവ്.

4. അച്ചടി വകുപ്പ് ഡയറക്ടറുടെ 03.02.2023 ലെ PTGD/2389/2022-ഇ 8 നമ്പർ ഉത്തരവ്.

5. അച്ചടി വകുപ്പ് ഡയറക്ടറുടെ 04.02.2023 ലെ PTGD/333/2023-ഇ 8 നമ്പർ ഉത്തരവ്.

6. അച്ചടി വകുപ്പ് ഡയറക്ടറുടെ 18.04.2023 ലെ PTGD/25037/2021-ഇ 8 നമ്പർ ഉത്തരവ്.

<u>**ഉത്തരവ്**</u>

അച്ചടി വകുപ്പിലെ വയനാട് ഗവൺമെന്റ് പ്രസ്സ് സീനിയർ സൂപ്രണ്ട് ശ്രീ. കെ ടി വിൽസൺ 31.03.2022 ന് സർവ്വീസിൽ നിന്നും അധിവർഷ പെൻഷൻ പറ്റി വിരമിച്ചതിനാൽ വയനാട് ഗവൺമെന്റ് പ്രസ്സിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവുണ്ടാവുകയും പ്രസ്തുത ഒഴിവിലേയ്ക്ക് അച്ചടി വകുപ്പിലെ സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ തത്തുല്യ തസ്തികയിലെ 2022 വർഷത്തെ സെലക്റ്റ് ലിസ്റ്റ് കേരള സർക്കാരിന്റെ 22.06.2022 ലെ 2165-ാം നമ്പർ അസാധാരണ ഗസറ്റായി പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും ടി സെലക്റ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) ജി. സന്തോഷ് കുമാറിനെ പരാമർശം (3) പ്രകാരം വയനാട് ഗവൺമെന്റ് പ്രസ്സിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകി ഉത്തരവായിരുന്നു.

പരാമർശം (4) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ ഏറ്റവും ജൂനിയറായി ജോലി ചെയ്തിരുന്ന ശ്രീ.ജി.സന്തോഷ് കുമാർ, സീനിയർ സൂപ്രണ്ട്, ഗവ.പ്രസ്സ്, വയനാട് നെ സ്ഥാനയിറക്കം നൽകി ശ്രീമതി. റീറ്റാ വർഗ്ഗീസിനെ വയനാട് ഗവ.പ്രസ്സിൽ സീനിയർ

സൂപ്രണ്ടായി നിയമിച്ചു കൊണ്ട് വാഴൂർ ഗവ.പ്രസ്സിലെ സീനിയർ സൂപ്രണ്ട് തസ്തിക SC/ST സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി കേരള പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പരാമർശം (5) ഉത്തരവ് പ്രകാരം വയനാട് ഗവൺമെന്റ് പ്രസ്സിലെ സീനിയർ സൂപ്രണ്ട് ശ്രീമതി. റീറ്റാ വർഗ്ഗീസിന് വാഴൂർ ഗവൺമെന്റ് പ്രസ്സിൽ അദർ ഡ്യൂട്ടി നിയമനം നൽകിയിരുന്നു.

പരാമർശം (6) ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ പാലക്കാട് ജില്ലാ ഫോംസ് ഓഫീസർ ശ്രീ. പി. വിജയകുമാറിനെ നിയമിക്കുകയും ടിയാൻ 18.04.2023 ന് ജില്ലാ ഫോംസ് ഓഫീസർ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുകയുമുണ്ടായി. ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലാ ഫോംസ് ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്.

മേൽ സാഹചര്യത്തിൽ അച്ചടി വകുപ്പിലെ സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ തത്തുല്യ തസ്തികയിലേയ്ക്ക് നിലവിലുള്ള ഒഴിവിലേയ്ക്ക് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭരണപരമായ സൗകര്യാർത്ഥം ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട്/ജില്ലാ ഫോറം ഓഫീസർ തത്തുല്യ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ/ സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക നിലവിലെ കാര്യാലയം | തസ്തികമാറ്റ നിയമനം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|
| 1. | ശ്രീമതി. റീറ്റാ വർഗ്ഗീസ്, സീനിയർ സൂപ്രണ്ട് ഗവൺമെന്റ് പ്രസ്സ്, വയനാട് | സ്ഥലം മാറ്റം ജില്ലാ ഫോംസ് ഓഫീസർ (51400-110300) ജില്ലാ ഫോറം സ്റ്റോർ, പാലക്കാട് | ശ്രീ. പി. വിജയകുമാറിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | അപേക്ഷ പ്രകാരം |
| 2. | ജി. സന്തോഷ് കുമാർ, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | തസ്തികമാറ്റം സീനിയർ സൂപ്രണ്ട് (51400-110300) ഗവൺമെന്റ് പ്രസ്സ്, വയനാട് | ശ്രീമതി. റീറ്റാ വർഗ്ഗീസിന് സ്ഥലം മാറ്റം നൽകിയ ഒവിവിൽ | ഭരണപരമായ സൗകര്യാർത്ഥം |

പാലക്കാട് ജില്ലാ ഫോംസ് ഓഫീസറായി സ്ഥലം മാറ്റ നിയമനം ലഭിച്ച ശ്രീമതി. റീറ്റാ വർഗ്ഗീസിന്റെ വാഴൂർ ഗവൺമെന്റ് പ്രസ്സിലെ അദർ ഡ്യൂട്ടി നിയമനം അവസാനിപ്പിക്കുന്നു. വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ചാർജ് ക്രമീകരണം സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. വയനാട് ഗവൺമെന്റ് പ്രസ്സ് സീനിയർ സൂപ്രണ്ടിന്റെ ചുമതല ശ്രീ. ജി. സന്തോഷ് കുമാറിന് കൈമാറേണ്ടതും പാലക്കാട് ജില്ലാ ഫോംസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. എസ്. മുരളീധരനിൽ നിന്നും ടി ചുമതല ശ്രീമതി. റീറ്റാ വർഗ്ഗീസ് ഉടൻ പ്രാബല്ല്യത്തിൽ ഏറ്റെടുക്കേണ്ടതാണ്.

വയനാട് ഗവൺമെന്റ് പ്രസ്സ് സീനിയർ സൂപ്രണ്ടായി തസ്തികമാറ്റ നിയമനം ലഭിച്ച ശ്രീ. ജി. സന്തോഷ് കുമാർ നിലവിൽ വയനാട് ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പൂർണ

അധിക ചുമതല വഹിക്കുന്ന കണ്ണൂർ ഗവൺമെന്റ് പ്രസ്സ് അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. അനസ് അലിയാറിൽ നിന്നും ടി ചുമതല ഏറ്റെടുക്കേണ്ടതാണ്. കൂടാതെ ശ്രീ. ജി സന്തോഷ് കുമാർ വയനാട് ഗവൺമെന്റ് പ്രസ്സിലെ സീനിയർ സൂപ്രണ്ടിന്റെ ചുമതല നിലവിൽ ടി ചുമതല വഹിക്കുന്ന ശ്രീമതി. റീറ്റാ വർഗ്ഗീസിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

തസ്തികമാറ്റ/ സ്ഥലം മാറ്റ നിയമനം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട മേലധികാരികൾ സ്വീകരിക്കേണ്ടതാണ്.

തസ്തികമാറ്റ/ സ്ഥലം മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ചേരും കാലത്തിനും നിയമാനുസൃത യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

**ഒപ്പ്/-**
**അച്ചടി വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട വ്യക്തികൾക്ക്,

പകർപ്പ്:-

പ്രിൻസിപ്പൽ സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി,
ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ് , ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരള, തിരുവനന്തപുരം
അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
കൺട്രോളർ ഓഫ് ഫോംസ്/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ/സീനിയർ സൂപ്രണ്ട്/പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഓഫീസ് മാനേജർ/
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം/
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ. പ്രസ്സ്, വയനാട്/വാഴൂർ/ഷൊർണ്ണൂർ/ജില്ലാ ഫോംസ് ഓഫീസർ, ജില്ലാ ഫോംസ് സ്റ്റോർ, പാലക്കാട്/ജൂനിയർ സൂപ്രണ്ട് , ഇ I/ഇ II/ഇ 2 സീറ്റ്/ഹെഡ്ക്ലാർക്ക്, ജിസിപി/ജിസിപിഇ 2 സീറ്റ്/എ 4 സീറ്റ്/ഐ.റ്റി. സെൽ/ ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്